(സി) സർക്കാരിന്റെ 27-7-2015-ലെ ജി.ഒ. (ആർ‌റ്റി.) നമ്പർ 2304/2015/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം അമൃത് മിഷൻ സ്റ്റേറ്റ് ലെവൽ ഹൈപവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത മിഷന്റെ സംസ്ഥാനതല നോഡൽ ഏജൻസിയായി കേരള സുസ്ഥിര നഗര വികസന പദ്ധതി (കെ.എസ്.യു.ഡി.പി.)-യെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ 27-7-2015-ലെ ജി.ഒ.(ആർ‌റ്റി.) നമ്പർ 2299/2015/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം സ്മാർട്ട് സിറ്റി മിഷന്റെ സ്റ്റേറ്റ് ലെവൽ ഹൈപവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇലക്ട്രോണിക് മാലിന്യ ശേഖരണം

84 (5432) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് ഇലക്ട്രോണിക് മാലിന്യങ്ങൾ ശേഖരിക്കാനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2012-ാം ആണ്ടിൽ നിലവിൽ വന്ന കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഇ-മാലിന്യ ഹാന്റിലിംഗ് റൂൾസ് 2011-ലെ നിർദ്ദേശപ്രകാരം എല്ലാ ഇ-മാലിന്യങ്ങളും ശാസ്ത്രീയമായി സംസ്കരിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വർഷങ്ങളായി സംസ്കരിക്കപ്പെടാത്ത ഇ-മാലിന്യങ്ങൾ ശേഖരിച്ച് പുന:ചംക്രമണം ചെയ്യുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(സി) സർക്കാർ ക്ലീൻ കേരള കമ്പനി മുഖേന കിലോയ്ക്ക് 5 രൂപ നൽകി സംസ്ഥാനത്തുനിന്നും 110 ടൺ ഇ-മാലിന്യങ്ങൾ ശേഖരിക്കുകയും അവയുടെ പുനഃചംക്രമണത്തിനായുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly